## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ : Seeram Sambasiva Rao IAS )**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ഭരണജാഗ്രത - ഇടുക്കി ജില്ല - നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് മുൻ അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി - ചെക്കുകളിലും ബില്ലുകളിലും ക്രമക്കേട് ചെയ്ത് ധനാപഹരണം നടത്തിയത് - സേവനത്തിൽ നിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം: 1) തദ്ദേശസ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ 12-02-2025 ലെ LSGD/JD/IDK/640/2025-A3 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ. LSGD/PD/5347/2025-VIGB3 തീയതി: 17-02-2025**

ഇടുക്കി ജില്ലയിൽ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ മുൻ അക്കൌണ്ടന്റായിരുന്ന ശ്രീ പി.ബി. ബിനോയി 2024 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ചെക്കുകളിലും ബില്ലുകളിലും ക്രമക്കേട് നടത്തി ധനാപഹരണം നടത്തിയതുമായി ബന്ധപ്പെട്ട് നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അസിസ്റ്റന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രാഥമിക അന്വേഷണം നടത്തി, പരാമർശം പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ 2024 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ കണക്കുകൾ പ്രാഥമികമായി പരിശോധിച്ചതിൽ തന്നെ ചുവടെ ചേർക്കുന്ന ഗുരുതരമായ ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിരുന്നു.

I. 02/08/2024-ലെ ചെക്ക് നമ്പർ 1658 പ്രകാരം 11930/- രൂപ മാറി നൽകിയിട്ടുണ്ട്. 5931/2024 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പേയ്മെന്റിന് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് ശ്രീ. ഫൈസൽ, ചിറക്കുന്നേൽ, നെടുങ്കണ്ടം എന്നയാൾ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിക്കുന്നതിന് ആവശ്യമായ റിംഗ് ഉണ്ടാക്കുന്നതിനുള്ള സാധനങ്ങൾ വാങ്ങിയ തുകയാണ്. ടി തുകയ്ക്ക് രണ്ട് ബില്ലുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ബിൽ നമ്പർ 424 പ്രകാരം ഹിമാലയ ഏജൻസീസിന്റെ 130/- രൂപയും ബിൽ നമ്പർ 53 പ്രകാരം 1800/-

രൂപയും ഉൾപ്പെടെ 1930/- രൂപയാണ് ടിയാന് നൽകേണ്ടത്. ILGMS ഫയൽ പ്രകാരം ഇതിനായി നൽകേണ്ട തുക 1930/- രൂപയാണ് എന്നിരിക്കെ, 11930/- രൂപ ചെക്കിൽ രേഖപ്പെടുത്തി തുക മാറിയത് വഴി അക്കൌണ്ടന്റായിരുന്ന ശ്രീ. പി.ബി. ബിനോയി ടി ഫയലിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

II. 10/09/2024-ലെ ചെക്ക് നമ്പർ 1709 പ്രകാരം 24800/- രൂപ മാറി നൽകിയിട്ടുണ്ട്. 6577/2024 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പേയ്മെന്റിന് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് ശ്രീ. ഫൈസൽ, ചിറക്കുന്നേൽ, നെടുങ്കണ്ടം, ശ്രീ. ജയൻ, കാരിക്കാട്ട്, നെടുങ്കണ്ടം എന്നിവർ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ ക്രിമിറ്റോറിയത്തിലെ കാടുവെട്ടിത്തെളിച്ച വകയിൽ നൽകേണ്ട തുകയാണ്. ടി തുക നൽകുന്നതിനായി 4800/- രൂപയുടെ പ്രവൃത്തിക്കുള്ള മസ്റ്റർ റോൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ILGMS ഫയലിൽ തുക രേഖപ്പെടുത്തിയിട്ടില്ല. പേയ്മെന്റ് ഓർഡറും പേയ്മെന്റും സെക്രട്ടറിയും പ്രസിഡന്റും അംഗീകരിച്ചിട്ടില്ലാത്തതാണ്.

പേയ്മെന്റ് ഓർഡറും പേയ്മെന്റും പാസാക്കാതെ ഇത്തരത്തിൽ 4800/- രൂപക്ക് പകരം 24800/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

III. ഫയൽ നമ്പർ 6782/2024 പ്രകാരം നായയെ മറവു ചെയ്തതിന് ശ്രീ. ഫൈസൽ, ചെറുകുന്നേൽ എന്നയാൾക്ക് നൽകേണ്ട 500/- രൂപയും ഫയൽ നമ്പർ 6823/2024 പ്രകാരം ഖരമാലിന്യ സംസ്കരണ പ്ലാന്റിലേക്ക് ചാണകം വാങ്ങിയ വകയിൽ ശ്രീ. രാജീവ് എന്നയാൾക്ക് നൽകേണ്ട 2500/- രൂപയും ചേർത്ത് ആകെ 3000/- രൂപ നൽകേണ്ടതിനു പകരമായി 13000/- രൂപ 11.09.2024 തീയതിയിലെ ചെക്ക് നമ്പർ 1723 പ്രകാരം എഴുതി നൽകിയിരിക്കുന്നു. ശ്രീ. ഫൈസലിന് നൽകേണ്ട 500/- രൂപയുടെ പേയ്മെന്റ് ഓർഡറും പേയ്മെന്റും അംഗീകരിച്ചിട്ടുള്ളതും ശ്രീ. രാജീവിന്റെ അപേക്ഷ പ്രകാരമുള്ള 2500/- രൂപയുടെ പേയ്മെന്റ് ഓർഡറും പേയ്മെന്റും അംഗീകരിച്ചിട്ടില്ലാത്തതുമാണ്.

ഇത്തരത്തിൽ 500/- രൂപക്ക് മാത്രം പേയ്മെന്റ് ഓർഡറും പേയ്മെന്റും പാസാക്കുകയും 2500/- രൂപക്ക് പേയ്മെന്റ് ഓർഡറും പേയ്മെന്റും പാസാക്കാതെയും രണ്ട് വ്യത്യസ്ത അപേക്ഷകൾക്കുള്ള തുക ഒറ്റ ചെക്കിൽ എഴുതി ആകെ 3000/- രൂപ മാറേണ്ടതിനു പകരം ചെക്കിൽ തിരുത്തൽ വരുത്തി 13000/- രൂപ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

IV. 19/09/2024-ലെ ചെക്ക് നമ്പർ 1759 പ്രകാരം 11800/- രൂപ മാറി നൽകിയിട്ടുണ്ട്. 6809/2024 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പേയ്മെന്റിന് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് ശ്രീ. ഷിബു വർഗ്ഗീസ്, കോട്ടക്കുഴിയിൽ, നെടുങ്കണ്ടം എന്നയാൾ നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്ലംബിങ്ങ് ജോലികൾ ചെയ്തതിനുള്ള

തുകയാണ്. ILGMS ഫയലിൽ പേയ്മെന്റ് ഓർഡറും പേയ്മെന്റും അംഗീകരിച്ചിട്ടില്ല. ബിൽ രജിസ്റ്ററിൽ 1800/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ചെക്കിൽ 11800/- രൂപ എന്ന് രേഖപ്പെടുത്തുകയും ചെയ്തു.

ഇത്തരത്തിൽ പേയ്മെന്റ് ഓർഡറോ പേയ്മെന്റോ പാസാക്കാതെ ബിൽ രജിസ്റ്ററിൽ 1800/- രൂപ മാത്രം എഴുതിയ ബില്ലിന് അനധികൃതമായി 11800/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

V. 13/09/2024-ലെ ചെക്ക് നമ്പർ 1756 പ്രകാരം 91369/-രൂപ മാറി നൽകിയിട്ടുണ്ട്. ടി പേയ്മെന്റ് നൽകുന്നതിനായി ILGMS ൽ ഫയൽ ആരംഭിച്ചിട്ടില്ലാത്തതാണ്. ബിൽ രജിസ്റ്ററിൽ തുക രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. എന്നാൽ ചെക്കിൽ 91369/- രൂപ എന്ന് രേഖപ്പെടുത്തി കാണുന്നു. ടി ചെക്ക് സെൽഫ് ചെക്ക് ആയിട്ടാണ് നൽകിയിട്ടുള്ളത്.

ഇത്തരത്തിൽ പേയ്മെന്റ് ഓർഡറോ പേയ്മെന്റോ പാസാക്കാതെയും ഫയൽ ഇല്ലാതെയും ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്താതെയും അനധികൃതമായി 91369/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

VI. 20/09/2024-ലെ ചെക്ക് നമ്പർ 1767 പ്രകാരം 16651/- രൂപ മാറി നൽകിയിട്ടുണ്ട്. 6959/2024 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പേയ്മെന്റിന് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കേണ്ട തുക എന്നാണ്. ഫയലിൽ ബിൽ ഉൾപ്പെടുത്തിയിട്ടില്ല. ILGMS ഫയൽ പ്രകാരം നൽകേണ്ട തുക 651/- രൂപയാണ്. ഫയലിൽ പേയ്മെന്റ് ഓർഡറും പേയ്മെന്റും അംഗീകരിച്ചിട്ടില്ലാത്തതാണ്. ടി ചെക്ക് സെൽഫ് ചെക്ക് ആയിട്ടാണ് നൽകിയിട്ടുള്ളത്.

ഇത്തരത്തിൽ പേയ്മെന്റ് ഓർഡറോ പേയ്മെന്റോ പാസാക്കാത്ത 651/- രൂപക്ക് പകരമായി അനധികൃതമായി 16651/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

VII. 28/09/2024-ലെ ചെക്ക് നമ്പർ 1785 പ്രകാരം 12202/- രൂപ മാറി നൽകിയിട്ടുണ്ട്. 7180/2024 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പേയ്മെന്റിന് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കേണ്ട തുക എന്നാണ്. ILGMS ഫയൽ പ്രകാരം നൽകേണ്ട തുക 202/- രൂപയാണ്. ഫയലിൽ പേയ്മെന്റ് ഓർഡറും പേയ്മെന്റും അംഗീകരിച്ചിട്ടില്ലാത്തതാണ്. ടി ചെക്ക് സെൽഫ് ചെക്ക് ആയിട്ടാണ് നൽകിയിട്ടുള്ളത്.

ഇത്തരത്തിൽ പേയ്മെന്റ് പാസാക്കാത്ത 202/- രൂപക്ക് പകരമായി അനധികൃതമായി 12202/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

VIII. 24/08/2024-ലെ ചെക്ക് നമ്പർ 1699 പ്രകാരം 5650/- രൂപ മാറി നൽകിയിട്ടുണ്ട്. 6266/2024 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പേയ്മെന്റിന് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിവരുടെ കസേരയിൽ ഇടുന്നതിന് ടർക്കി വാങ്ങിയ വകയിൽ നൽകേണ്ട തുക എന്നാണ്. ഫയലിൽ ബില്ലും, ശ്രീമതി വൽസമ്മ സി.ജെ. എന്നവരുടെ അപേക്ഷയും ഉൾപ്പെടുത്തിയിട്ടുണ്ട്. ILGMS ഫയൽ പ്രകാരം നൽകേണ്ട തുക 650/- രൂപയാണ്. ചെക്ക് എഴുതിയ 24.08.2024-ൽ പേയ്മെന്റ് ഓർഡറും പേയ്മെന്റും അംഗീകരിച്ചിട്ടില്ലാത്തതാണ്. ടി ചെക്ക് സെൽഫ് ചെക്ക് ആയിട്ടാണ് നൽകിയിട്ടുള്ളത്.

ഇത്തരത്തിൽ പേയ്മെന്റ് പാസാക്കാത്ത 650/- രൂപക്ക് പകരമായി അനധികൃതമായി 5650/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

IX. 06/08/2024-ലെ ചെക്ക് നമ്പർ 1660 പ്രകാരം 22635/- രൂപ മാറി നൽകിയിട്ടുണ്ട്. 5985/2024 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പേയ്മെന്റിന് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് വൈദ്യുതി ചാർജ്ജിനത്തിൽ അടവാക്കേണ്ട തുക എന്നാണ്. ILGMS ഫയൽ പ്രകാരം നൽകേണ്ട തുക 2635/- രൂപയാണ്. പേയ്മെന്റ് ഓർഡർ 07.08.2024-ലും പേയ്മെന്റ് 24.08.2024 തീയതിയിലുമാണ് അംഗീകരിച്ചിട്ടുള്ളത്. ടി ചെക്ക് സെൽഫ് ചെക്ക് ആയിട്ടാണ് നൽകിയിട്ടുള്ളത്.

ഇത്തരത്തിൽ പേയ്മെന്റ് പാസാക്കാത്ത 2635/- രൂപക്ക് പകരമായി അനധികൃതമായി 22635/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

X. 07/08/2024-ലെ ചെക്ക് നമ്പർ 1669 പ്രകാരം 22930/- രൂപ മാറി നൽകിയിട്ടുണ്ട്. 5593/2024 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പേയ്മെന്റിന് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് ശ്രീ. ഫൈസൽ എന്നയാൾ മൂന്ന് മഴക്കോട്ടുകൾ വാങ്ങിയ വകയിൽ നൽകേണ്ട തുക എന്നാണ്. ഫയലിൽ ബില്ലും ശ്രീ. ഫൈസൽ എന്നവരുടെ അപേക്ഷയും ഉൾപ്പെടുത്തിയിട്ടുണ്ട്. ILGMS ഫയൽ പ്രകാരം നൽകേണ്ട തുക 2930/- രൂപയാണ്.

ഇത്തരത്തിൽ പേയ്മെന്റ് പാസാക്കിയ 2930/- രൂപക്ക് പകരമായി അനധികൃതമായി 22930/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട്

അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

XI. 03/08/2024-ലെ ചെക്ക് നമ്പർ 1681 പ്രകാരം 21050/- രൂപ മാറി നൽകിയിട്ടുണ്ട്. ടി പേയ്മെന്റ് നടത്തുന്നതിന് ILGMS ൽ ഫയൽ ആരംഭിച്ചിട്ടില്ലാത്തതാണ്. പേയ്മെന്റിനായി ചെക്ക് എഴുതിയ 03.08.2024-ൽ പേയ്മെന്റോ, പേയ്മെന്റ് ഓർഡറോ അംഗീകരിച്ചിട്ടില്ലാത്തതാണ്. ബിൽ രജിസ്റ്ററിൽ ടി തുക രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല.

ഇത്തരത്തിൽ പേയ്മെന്റ് പാസാക്കാതെ അനധികൃതമായി 21050/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

XII. 23/08/2024-ലെ ചെക്ക് നമ്പർ 1687 പ്രകാരം 12328/- രൂപ മാറി നൽകിയിട്ടുണ്ട്. 6236/2024 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പേയ്മെന്റിന് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് വൈദ്യുതി ബിൽ ഇനത്തിൽ അടവാക്കേണ്ട തുക എന്നാണ്. ഫയലിൽ 9 ബില്ലുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ILGMS ഫയൽ പ്രകാരം നൽകേണ്ട തുക 2328/- രൂപയാണ്. ബിൽ പ്രകാരമുള്ള തുകയിൽ വ്യത്യാസം കാണുന്നുണ്ട്.

ഇത്തരത്തിൽ പേയ്മെന്റ് പാസാക്കിയ 2328/- രൂപക്ക് പകരമായി അനധികൃതമായി 12328/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

XIII. 23/08/2024-ലെ ചെക്ക് നമ്പർ 1694 പ്രകാരം 22200/- രൂപ മാറി നൽകിയിട്ടുണ്ട്. 6279/2024 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത പേയ്മെന്റിന് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളത് നെടുങ്കണ്ടം ഹോണ്ട സർവ്വീസ് സെന്റർ നൽകിയ 2200/- രൂപയുടെ ബിൽ, ഖരമാലിന്യ പ്ലാന്റിലെ മോട്ടോർ നന്നാക്കണമെന്നുള്ള നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ ടിപ്പർ ഡ്രൈവർ ശ്രീ. രാജീവ് നൽകിയ അപേക്ഷ എന്നിവയാണ്. ILGMS ഫയൽ പ്രകാരം നൽകേണ്ട തുക 2200/- രൂപയാണ്.

ഇത്തരത്തിൽ പേയ്മെന്റ് പാസാക്കിയ 2200/- രൂപക്ക് പകരമായി അനധികൃതമായി 22200/- രൂപ ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

XIV. 07/09/2024-ലെ ചെക്ക് നമ്പർ 1676 പ്രകാരം 21050/- രൂപ മാറി നൽകിയിട്ടുണ്ട്. ടി ചെക്കിൽ തീയതി 13.08.2024 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പേയ്മെന്റ് നൽകുന്നതിനായി ഫയൽ ILGMS ൽ ആരംഭിച്ചിട്ടില്ലാത്തതാണ്. ചെക്കിൽ ശ്രീ. സിൽഫ രവീന്ദ്രൻ എന്നയാളുടെ പേരാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ശ്രീ. സിൽഫ രവീന്ദ്രൻ എന്നയാൾക്ക് തുക നൽകുന്നതിനുള്ള ഏതെങ്കിലും

അപേക്ഷയോ മറ്റ് രേഖകളോ നൽകിയിട്ടുള്ളത് സംബന്ധിച്ചുള്ള യാതൊരു രേഖകളും ഫയലിൽ ഇല്ലാത്തതാണ്. ബിൽ രജിസ്റ്ററിലും രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല.

ഇത്തരത്തിൽ പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കാതെ 21050/- രൂപ അനധികൃതമായി ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

XV. 11/09/2024-ലെ ചെക്ക് നമ്പർ 1718 പ്രകാരം 18301/- രൂപ മാറി നൽകിയിട്ടുണ്ട്. പേയ്മെന്റ് നൽകുന്നതിനായി ഫയൽ ILGMS ൽ ആരംഭിച്ചിട്ടില്ലാത്തതാണ്. ടി ചെക്ക് സെൽഫ് ചെക്ക് ആയിട്ടാണ് നൽകിയിട്ടുള്ളത്. ബിൽ രജിസ്റ്ററിലും രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കിയിട്ടില്ലാത്തതും തുക നൽകുന്നത് സംബന്ധിച്ച രേഖകൾ ഇല്ലാത്തതുമാണ്.

ഇത്തരത്തിൽ പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കാതെ 18301/- രൂപ അനധികൃതമായി ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

XVI. 19/09/2024-ലെ ചെക്ക് നമ്പർ 1759 പ്രകാരം 11800/- രൂപ മാറി നൽകിയിട്ടുണ്ട്. പേയ്മെന്റ് നൽകുന്നതിനായി ഫയൽ ILGMS ൽ ആരംഭിച്ചിട്ടില്ലാത്തതാണ്. ശ്രീ. ഷിബു എന്നയാളുടെ പേരാണ് ചെക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബിൽ രജിസ്റ്ററിലും രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കിയിട്ടില്ലാത്തതും തുക നൽകുന്നത് സംബന്ധിച്ച രേഖകൾ ഇല്ലാത്തതുമാണ്.

ഇത്തരത്തിൽ പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കാതെ 11800/- രൂപ അനധികൃതമായി ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

XVII. 27/09/2024-ലെ ചെക്ക് നമ്പർ 1784 പ്രകാരം 11500/- രൂപ മാറി നൽകിയിട്ടുണ്ട്. പേയ്മെന്റ് നൽകുന്നതിനായി ഫയൽ ILGMS ൽ ആരംഭിച്ചിട്ടില്ലാത്തതാണ്. ശ്രീ. ഫൈസൽ എന്നയാളുടെ പേരാണ് ചെക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബിൽ രജിസ്റ്ററിൽ 1500/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കിയിട്ടില്ലാത്തതും തുക നൽകുന്നത് സംബന്ധിച്ച രേഖകൾ ഇല്ലാത്തതുമാണ്.

ഇത്തരത്തിൽ പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കാതെ 11500/- രൂപ അനധികൃതമായി ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട്

അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

XVIII. 24/09/2024-ലെ ചെക്ക് നമ്പർ 1775 പ്രകാരം 21772/- രൂപ മാറി നൽകിയിട്ടുണ്ട്. പേയ്മെന്റ് നൽകുന്നതിനായി 7024/2024 പ്രകാരം ഫയൽ ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി ബിൽ തുക നൽകുന്നതിനാണ് ചെക്ക് എഴുതിയിട്ടുള്ളത്. ഫയലിൽ ഒരു വൈദ്യുതി ബിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ടി ചെക്ക് സെൽഫ് ചെക്ക് ആയിട്ടാണ് നൽകിയിട്ടുള്ളത്. ബിൽ രജിസ്റ്ററിൽ 1772/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കിയിട്ടില്ലാത്തതാണ്.

ഇത്തരത്തിൽ പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കാതെ 21772/- രൂപ അനധികൃതമായി ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

XIX. 26/09/2024-ലെ ചെക്ക് നമ്പർ 1777 പ്രകാരം 16000/- രൂപ മാറി നൽകിയിട്ടുണ്ട്. പേയ്മെന്റ് നൽകുന്നതിനായി 7024/2024 പ്രകാരം ഫയൽ ആരംഭിച്ചിട്ടിട്ടുണ്ട്. KSFE റിക്കവറി തുക അടവാക്കുന്നതിനാണ് ചെക്ക് എഴുതിയിട്ടുള്ളത്. ഫയലിൽ ശ്രീ. പി.ബി. ബിനോയിയുടെ പേരിൽ 2024 ആഗസ്റ്റ് മാസത്തിലെ ഇൻഷുറൻസ് തുകയായ 6000/- രൂപ അടവാക്കുന്നതിന്റെ സ്റ്റേറ്റ്മെന്റ് ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി ചെക്ക് സെൽഫ് ചെക്ക് ആയിട്ടാണ് നൽകിയിട്ടുള്ളത്. ബിൽ രജിസ്റ്ററിൽ 6000/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കിയിട്ടില്ലാത്തതാണ്.

ഇത്തരത്തിൽ പേയ്മെന്റ് ഓർഡറോ, പേയ്മെന്റോ പാസാക്കാതെ 16000/- രൂപ അനധികൃതമായി ചെക്കിൽ എഴുതി ടി തുക മാറിയതുമായി ബന്ധപ്പെട്ട് അക്കൌണ്ടന്റ് ശ്രീ. പി.ബി. ബിനോയി ചെക്കിൽ ക്രമക്കേട് നടത്തിയിട്ടുണ്ട്.

നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ 2024 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ കണക്കുകൾ പരിശോധിച്ചതിൽ ബിൽ രജിസ്റ്ററിൽ ചേർക്കാതെയും ILGMS ൽ ഫയലുകൾ ആരംഭിക്കാതെയും ബിൽ രജിസ്റ്ററിൽ എഴുതിയ തുക ചെക്കുകളിൽ തിരുത്തിയെഴുതിയും 366570/- രൂപ പണമായി മാറിയതിലൂടെ അതീവ ഗുരുതരമായ ധനാപഹരണം നടത്തിയിട്ടുള്ളതായും ടി ചെക്കുകളിൽ തിരുത്തൽ വരുത്തി ധനാപഹരണം നടത്തിയതിന്റെ ഉത്തരവാദിത്തം ടി കാലയളവിലെ അക്കൌണ്ടന്റായ ശ്രീ. പി.ബി ബിനോയിക്കാണെന്നും, ടിയാനെ സേവനത്തിൽ നിന്നും വേലവിലക്കാവുന്നതും ടിയാനെതിരെ വിശദമായ അന്വേഷണം നടത്താവുന്നതുമാണെന്നും പരാമർശ റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ വസ്തുതകൾ പരിശോധിച്ചതിൽ ശ്രീ. പി.ബി. ബിനോയി നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ അക്കൌണ്ടന്റായിരിക്കെ ക്രമക്കേട് നടത്തിയിട്ടുള്ളതായും,

ഗുരുതരമായ പണാപഹരണം നടത്തുകയും പഞ്ചായത്ത് ഫണ്ടിന് മനഃപൂർവ്വം നഷ്ടം വരുത്തുകയും ചെയ്തതായും ബോധ്യപ്പെട്ടിരിക്കുന്നു. **ആയതിനാൽ നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് മുൻ അക്കൗണ്ടന്റും നിലവിൽ പീരുമേട് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിയുമായ ശ്രീ. പി.ബി ബിനോയി- യെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം സർവ്വീസിൽ നിന്ന് ഉടൻ പ്രാബല്യത്തിൽ സസ്പെന്റ് ചെയ്ത് ഉത്തരവാകുന്നു.**

ഇടുക്കി ജില്ല ജോയിന്റ് ഡയറക്ടർ ഉത്തരവ് ഉടൻ നടപ്പിലാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. ശ്രീ. പി.ബി ബിനോയിക്ക് സസ്പെൻഷൻ കാലയളവിൽ നിയമാനുസൃതം നിഷ്കർഷിച്ചിട്ടുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

**Seeram Sambasiva Rao IAS**

**PRINCIPAL DIRECTOR**

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

PRINCIPAL DIRECTORATE * LOCAL SELF GOVT DEPARTMENT * THIRUVANANTHAPURAM *

**ശ്രീ. പി.ബി. ബിനോയി**
മുൻ അക്കൗണ്ടന്റ് നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്
നിലവിൽ അസിസ്റ്റന്റ് സെക്രട്ടറി, പീരുമേട് ഗ്രാമപഞ്ചായത്ത്
(തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി മുഖേനെ)

പകർപ്പ് :
1. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, ഇടുക്കി
   (i. ഉത്തരവ് ശ്രീ. പി.ബി ബിനോയി- യ്ക്ക് നൽകി പകർപ്പിൽ ടിയാളുടെ ഒപ്പും തീയതിയും രേഖപ്പെടുത്തി സമയബന്ധിതമായി തിരികെ സമർപ്പിക്കേണ്ടതാണ്.
   ii. ഉത്തരവ് നടപ്പിലാക്കി വിവരം ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തി ആയതിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ് )
2. സൂപ്രണ്ട്, DEB സെക്ഷൻ
3. സൂപ്രണ്ട്, DED സെക്ഷൻ, വിവരാവകാശ നിയമം പ്രകാരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി